# പത്രക്കുറിപ്പ്

## എഞ്ചിനീയറിംഗ് അഡ്മിഷനിൽ അപാകതയില്ല

എഞ്ചിനീയറിംഗ് കോഴ്സ് പ്രവേശനത്തിന് നിശ്ചിത മാർക്ക് നേടാത്ത വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി എന്ന് ചില മാധ്യമങ്ങളിൽ വന്ന വാർത്ത വസ്തുതകൾക്ക് വിരുദ്ധവും പ്രോസ്പെക്ടസിലെ വ്യവസ്ഥകൾ ശ്രദ്ധിക്കാത്തതുമൂലവുമാണ്. C.B.S.E / ICSE സ്കൂളുകളുടെ സംരക്ഷകരായി ചമയുന്ന ഏതാനും ചിലർ നടത്തികൊണ്ടിരിക്കുന്ന നിരന്തരമായ അപവാദപ്രചരണത്തിന്റെ ഭാഗമായുള്ള ഒരു കെട്ടുകഥയാണ് ഈ ആരോപണത്തിന്റെ അടിസ്ഥാനം. സംസ്ഥാനത്തെ പ്രവേശന പരീക്ഷാ നടത്തിപ്പും മറ്റു സംസ്ഥാനങ്ങളിലെയും അഖിലേന്ത്യാ തലത്തിലുമുള്ള പ്രവേശന പരീക്ഷാ നടത്തിപ്പും സംബന്ധിച്ച് യാതൊരു ധാരണയുമില്ലാത്ത അഭിപ്രായ പ്രകടങ്ങളാണ് ഉണ്ടായിരിക്കുന്നത്. കേരളത്തിൽ കഴിഞ്ഞ 28 വർഷമായി പ്രവേശന പരീക്ഷ നടത്തുമ്പോൾ സ്വീകരിച്ചുവന്ന അതേ മാനദണ്ഡമാണ് ഇപ്പോഴും പാലിച്ചുവരുന്നത്. യോഗ്യതാ പരീക്ഷ നടത്തുന്നതിന് മുമ്പാണ് പ്രവേശന പരീക്ഷയുടെ അപേക്ഷ ക്ഷണിക്കുകയും പരീക്ഷ നടത്തുകയും ചെയ്യുന്നത് എന്നതിനാൽ യോഗ്യതാ പരീക്ഷയ്ക്ക് നിശ്ചിതമാർക്ക് ലഭിക്കാത്ത വിദ്യാർത്ഥികളും റാങ്ക് ലിസ്റ്റിൽ കടന്നുകൂടുകയും അലോട്ട്മെന്റ് ലഭിക്കുകയും ചെയ്യും എന്നുള്ളത് ഒരു വസ്തുതയാണ്. കേരളത്തിലെ പ്രവേശന പരീക്ഷയിൽ മാത്രമല്ല മറ്റ് പ്രവേശന പരീക്ഷകളിലും ഇതേ സാഹചര്യമാണ് നിലനിൽക്കുന്നത്.

2010 ഡിസംബർ 28 ാം തീയതി പ്രോസ്പെക്ടസ് പ്രസിദ്ധീകരിച്ചതോടെയാണ് പ്രവേശന പരീക്ഷാ നടപടികൾ തുടങ്ങിയത്. ഇതിനെ തുടർന്ന് എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾ നടത്തിയത് 2011 ഏപ്രിൽ 18, 19 തീയതികളിലാണ്. പ്രവേശന പരീക്ഷയുടെ മാർക്കും യോഗ്യതാ പരീക്ഷയുടെ രണ്ടാംവർഷത്തെ ഫിസിക്സ്, കെമസ്ട്രി, മാത്സ് എന്നീ വിഷയങ്ങളുടെ ഏകീകരിച്ച മാർക്കും തുല്യ അനുപാതത്തിൽ കൂട്ടിചേർത്ത് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് 2011 ജൂലൈ 10 - ന് ആണ്. യോഗ്യതാ പരീക്ഷയുടെ രണ്ടാം വർഷമാർക്ക് മാത്രം പരിഗണിച്ച്, ഒരു വിദ്യാർത്ഥി പ്ലസ്ടു കോഴ്സിന് ജയിച്ചോ, തോറ്റോ എന്ന് നിർണ്ണയിക്കാൻ പ്രവേശനാ പരീക്ഷാ കമ്മീഷണർക്ക് കഴിയില്ല. മാത്രമല്ല പ്രവേശന പരീക്ഷാ കാര്യാലയം ശേഖരിക്കുന്നത് പ്ലസ്ടുവിന്റെ രണ്ടാം വർഷത്തിലെ ഫിസിക്സ്, കെമസ്ട്രി, മാത്സ് എന്നീ വിഷയങ്ങളിലെ മാർക്കുകൾ മാത്രമാണ്. പ്രവേശനത്തിന്റെ ആദ്യ ഘട്ടമായി റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് നടത്തുന്നു. എന്നാൽ അടുത്തഘട്ടമായി കോളേജിൽ പ്രവേശനം നേടുമ്പോൾ പ്രിൻസിപ്പാൾ പ്ലസ് 1 - ന്റെയും പ്ലസ് 2 - ന്റെയും മാർക്കുകൾ പരിശോധിച്ചശേഷം യോഗ്യരായ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നു. വിദ്യാർത്ഥികളുടെ അക്കാദമിക് യോഗ്യത ഒരുഘട്ടത്തിലും പ്രവേശനാ പരീക്ഷാ കമ്മീഷണർ പരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല. പ്രവേശന പരീക്ഷാ യോഗ്യത നേടിയ എല്ലാ

വിദ്യാർത്ഥികൾക്കും റാങ്കിൽ ഇടം ഉണ്ടാകുമെന്നുള്ളത് ഇൻഡ്യയിലെ എല്ലാ പ്രവേശന പരീക്ഷകളും പരിശോധിച്ചാൽ ഏതൊരു വ്യക്തിക്കും മനസ്സിലാക്കാവുന്നതാണ്. കേരളത്തിലെ പ്രവേശന പരീക്ഷയെ സംബന്ധിച്ച പ്രോസ്പെക്ടസിലെ ക്ലോസ് 9.7.5 - ൽ ഇത് വ്യക്തമായും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവേശന പരീക്ഷയിൽ റാങ്ക് ഉണ്ടായത് കൊണ്ടുമാത്രമോ, അലോട്ട്മെന്റ് ലഭിച്ചതുകൊണ്ടു മാത്രമോ കേരളത്തിലെ ഒരു എഞ്ചിനീയറിംഗ് കോളേജിലും പ്രവേശനം ലഭിക്കുകയില്ലയെന്ന് ക്ലോസ് 9.7.11 ( C ) -യിൽ പറഞ്ഞിട്ടുണ്ട്. പ്രോസ്പെക്ടസ് ക്ലോസ് 6.2.2(a) വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള അക്കാദമിക് യോഗ്യതകൂടി ഉണ്ടായിരിക്കണം. എഞ്ചിനീയറിംഗ് കോളേജ് പ്രവേശനുമായി ബന്ധപ്പെട്ട പ്രോസ്പെക്ടസിലെ വിവിധ ക്ലോസുകൾ വ്യക്തമായി മനസ്സിലാക്കിയാൽ പ്രസ്തുതവാർത്തയിൽ കഴമ്പില്ലായെന്ന് മനസ്സിലാക്കാവുന്നതാണ്.

ജനറൽ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും സംവരണ വിദ്യാർത്ഥികൾക്കും വ്യത്യസ്ഥ മാർക്ക് നിബന്ധനകളാണ് അക്കാദമിക് യോഗ്യതയായി പറഞ്ഞിട്ടുള്ളത്. ഇത് ഹയർ സെക്കൻഡറി കോഴ്സിന്റെ രണ്ടുവർഷത്തെയും മാർക്കുകൾ ചേർത്താണ് പരിഗണിക്കുന്നത്. പ്രോസ്പക്ടസ് ക്ലോസ് 6.2.2- ലും 6.2.4- ലും വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ പ്രകാരമാണ് എഞ്ചിനീയറിംഗ് പ്രവേശനത്തിന് വിദ്യാർത്ഥിയെ പരിഗണിക്കുന്നത്. ഇതിന്റെ പൂർണ്ണ ഉത്തരവാദിത്തം ക്ലോസ് 11.7.2 പ്രകാരം പ്രിൻസിപ്പാളിനും യൂണിവേഴ്സിറ്റിക്കുമാണ്. കേരളത്തിൽ ഇതുവരെ നടന്നിട്ടുള്ള എല്ലാ പ്രവേശന പരിക്ഷയിലും ഇതേരീതിയാണ് തുടർന്ന് വന്നിട്ടുള്ളത്. ഈ സാഹചര്യത്തിൽ വിദ്യാർത്ഥി ഹയർ സെക്കൻഡറി കോഴ്സിൽ ജയിച്ചോ തോറ്റോ അല്ലെങ്കിൽ അക്കാദമിക് യോഗ്യത നേടിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ പ്രവേശന പരീക്ഷ കമ്മീഷണർക്ക് സാധിക്കുകയില്ലായെന്നതാണ് വസ്തുത.

പ്രോസ്പെക്ടസിലെ നിബന്ധനകൾ അനുസരിച്ച് സുതാര്യമായ രീതിയിലാണ് 2011 - ലെ പ്രവേശന പരീക്ഷാ നടപടികൾ നടത്തിയത് എന്ന് വസ്തുതകൾ പരിശോധിച്ചാൽ മനസ്സിലാകുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**